# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1353** **07.06.2018 -ൽ മറുപടിക്ക്**

### യൂണിഫോം വിതരണം

ചോദ്യം

**ശ്രീ.ടി. വി. ഇബ്രാഹിം**

ഉത്തരം

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സ്കൂളുകളിൽ കുട്ടികൾക്കായുള്ള യൂണിഫോം വിതരണം പൂർത്തിയായോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഇല്ല. സർക്കാർ പ്രൈമറി സ്കൂളുകളിൽ നൽകുന്ന കൈത്തറി യൂണിഫോം വിതരണം നടന്നു വരികയാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അളവ് കൈത്തറി തുണിയാണ് ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തത്. എന്നാൽ ഈ അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയ ശേഷം പുതുതായി അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് കൂടി കൈത്തറി യൂണിഫോം രണ്ടാം ഘട്ട വിതരണം പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിലെ APL വിഭാഗം ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും കുട്ടി ഒന്നിന് 400/- രൂപ (നാനൂറ്) ക്രമത്തിൽ ഒന്നാം ഘട്ടത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയ ശേഷം അധിക തുക ആവശ്യമുള്ള സ്കൂളുകൾക്ക് രണ്ടാം ഘട്ടത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്. കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ സ്കൂളുകളിൽ APL ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് യൂണിഫോമിനുള്ള തുക അനുവദിക്കുന്നത് SSA മുഖേനയാണ്. |
| ബി) | പ്രൈമറിവിഭാഗത്തിലെ ആൺകുട്ടികൾക്ക് പാന്റിനുള്ള തുണി നൽകാതെ ഹാഫ് ട്രൗസറിനുള്ള തുണിയായി 50 സെന്റീമീറ്റർ മാത്രം നൽകുന്നത് ഏതെങ്കിലും റിപ്പോർ | ബി) | ഒരോ സ്റ്റാൻഡേർഡിലും പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോമിന് ആവശ്യമായ ശരാശരി അളവിന്റെ ചാർട്ട് തയ്യാറാക്കി നൽകിയത് കൈത്തറി ഡയറക്ടറാണ്. ഈ ശരാശരി അളവ് പ്രകാരമാണ് ആകെ ആവശ്യമുള്ള കൈത്തറി തുണിയുടെ അളവ് |

ട്ടിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ ;

കണക്കാക്കുന്നത്. ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് ഹാഫ് ട്രൗസറും അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് പാൻറിനും ആവശ്യമായ അളവാണ് കണക്കാക്കിയിട്ടുള്ളത്.

സി) ഇത് കാരണം കുട്ടികൾ പാന്റിനുള്ള തുണി പുറത്ത് നിന്ന് വാങ്ങേണ്ടി വരുന്നതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സി) പുറത്ത് നിന്ന് വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാരണം സ്കൂളുകളിൽ യൂണിഫോമിനായി വിതരണം ചെയ്യുന്ന കൈത്തറി തുണി പൊതു വിപണിയിൽ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ